93 (2404) എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ പങ്കെടുക്കുവാൻ എത്തിയ എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ ഉൾപ്പെടെ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) പ്രതികൾ യുവജനോത്സവത്തിന്റെ സംഘാടകസമിതിയുടെ ബാഡ്ജ് ധരിച്ചവരായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സംഘാടകസമിതിയിൽ ഉള്ള ആരെയെങ്കിലും ചോദ്യംചെയ്യുകയോ പ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(എഫ്) എസ്.ബി. കോളേജിനും കോളേജ് അധികൃതകർക്കും എതിരെ വീണ്ടും ചിലർ ഭീഷണിമുഴക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആ പരാതിയെക്കുറിച്ച് അന്വേഷണം നടത്തുകയോ കോളേജിന് സംരക്ഷണം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി സംബന്ധിച്ച് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി)(ഡി)&(ഇ) കേസ്സ് അന്വേഷണം നടന്നുവരികയാണ്. തെളിവുകൾ ശേഖരിക്കുന്നതിനും പ്രതികളെ തിരിച്ചറിയുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഉണ്ട്.

(ജി) പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

94 (2405) കുഞ്ഞിക്കണ്ണൻ കൊലചെയ്യപ്പെട്ട സംഭവം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദിയടുക്ക പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കുഞ്ഞിക്കണ്ണൻ എന്ന തൊഴിലാളി കൊലചെയ്യപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly